(ബി) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്കും കേന്ദ്ര ഭരണപ്രദേശമായ പുതുച്ചേരിയിലേക്കും അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

ജോയിനിംഗ് സമയം നീട്ടാൻ ഉത്തരവ്

254 (3361) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം. സജിത്ത്കുമാർ, മമ്മള്ളി ഹൗസ്, കീഴിൽ പി. ഒ., കോഴിക്കോട് എന്നയാൾ ജോയിനിംഗ് സമയം നീട്ടി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആൾക്ക് സർവ്വീസിൽ ചേരുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് 18-4-2015-ലെ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം. സജിത്ത് കുമാർ പ്രവേശന സമയം നീട്ടി ലഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കെ.എസ്.ആർ.ടി.സിക്ക് അനുവദിക്കാവുന്ന 45 ദിവസത്തെ പ്രവേശന സമയം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ലായെന്നും ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ 6-10-2015-ൽ ഒരു അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരി മുഖേനയോ നിശ്ചിത സമയപരിധിക്കുള്ളിലോ ആയിരുന്നില്ല സർക്കാരിൽ ലഭിച്ചിരുന്നത്. തുടർന്ന് ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിയമനാധികാരിയായ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യോട് ആരായുകയും ആയത് 20-2-2016-ലെ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly